# കാഴ്ച......

"അക്കാദമിക മികവിലൂടെ മുന്നേറാം"

## 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ

ജി.എം.എൽ.പി & യു.പി സ്കൂൾ, വെളിമണ്ണ.

# ജി.എം.എൽ.പി & യു.പി സ്കൂൾ,
# വെളിമണ്ണ.

## ഉള്ളടക്കം


| | |
|---|---|
| 1. | വിദ്യാലയം – അടിസ്ഥാന വിവരങ്ങൾ |
| 2. | വിദ്യാലയം – ലഘു ചരിത്രം |
| 3. | നിലവിലെ അവസ്ഥാ വിശകലനം |
| 4. | അക്കാദമിക് കലണ്ടർ. |
| 5 | പ്രവർത്തന രേഖ |
| 6. | മേഖലകൾ - ചെറു വിശകലനം |
| 7. | നന്ദി - കടപ്പാട്. |

# വിദ്യാലയം - അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ജി.എം.എൽ.പി & യു.പി സ്കൂൾ, വെളിമണ്ണ |
| വിലാസം | : വെളിമണ്ണ (പോസ്റ്റ്), വെളിമണ്ണ, കോഴിക്കോട് |
| വിദ്യാലയം സ്ഥാപിച്ചത് | : 1924 |
| സ്കൂൾ കോഡ് | : 47454 |
| യു ഡൈസ് കോഡ് | : 32040301301 |
| പഞ്ചായത്ത് | : ഓമശ്ശേരി ഗ്രാമപഞ്ചായത്ത് |
| ബി.ആർ.സി | : കൊടുവള്ളി |
| വിദ്യാഭ്യാസ ജില്ല | : താമരശ്ശേരി |
| വിദ്യാഭ്യാസ റവന്യൂ ജില്ല | : കോഴിക്കോട് |

# വിദ്യാലയത്തിന്റെ ലഘുചരിത്രം

കോഴിക്കോട് ജില്ലയിൽ ഓമശ്ശേരി ഗ്രാമപഞ്ചായത്തിൽ
പ്രവർത്തിക്കുന്ന വിദ്യാലയമാണിത്. മദ്രാസ് സംസ്-
ഥാനത്തിനു കീഴിലുള്ള മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ
നിയന്ത്രണത്തിൽ കോഴിക്കോട് പ്രവർത്തിച്ചിരുന്ന
വിദ്യാഭ്യാസ ഡയറക്ടറേറ്റിനു കീഴിൽ ഏകാധ്യാപക-
വിദ്യാലയമായാണ് 1924 ൽ വെളിമണ്ണ സ്കൂൾ
സ്ഥാപിക്കപ്പെടുന്നത്. ബോർഡ് മെമ്പറായിരുന്ന
ന്യത്തോങ്ങാട്ട് ഇക്കണ്ടൻ നായരാണ് സ്കൂൾ അനു-
വദിച്ചു കിട്ടുന്നതിന് നിർണായക പങ്കു വഹിച്ചത്.
സ്വന്തമായി സ്ഥലമോ കെട്ടിടമോ ഉണ്ടായിരുന്നില്ല.
ഈ പശ്ചാത്തലത്തിൽ പറശ്ശേരി തോട്ടത്തിൽ
മാമു എന്ന എന്ന വ്യക്തി സ്വന്തം വീട്ടിൽ സ്കൂൾ
നടത്താൻ സൗകര്യമൊരുക്കി. ഇവിടെ നിന്നാണ് സ്കൂളിന്റെ
ചരിത്രം ആരംഭിക്കുന്നത്. സ്കൂൾ സ്ഥാപിക്കുന്നതിന്
നേതൃത്വപരമായ പങ്കുവഹിച്ച കുടുംബമാണ് ചൂൽപറ-
മ്പിൽ കുടുംബം. സ്ഥാപകൻ പറശ്ശേരി തോട്ടത്തിൽ
മാമുവും മക്കളായ ചൂൽ.പറമ്പിൽ മോയി, കുഞ്ഞമ്മദ്
മൊയ്തീൻകുട്ടി ഹാജി എന്നിവർ സ്കൂളിന്റെ പ്രവർ-
ത്തനത്തിന് അക്ഷീണം പ്രവർത്തിച്ചവരിൽ പ്രധാനി-
കളാണ്.

കെ. രാരുമാസ്റ്റർ (1935-39) കുഞ്ഞയിൻ
മാസ്റ്റർ (1945-47), കുറുപ്പ്മാസ്റ്റർ (1947-51), പി.കെ
മൊയ്തീൻ മാസ്റ്റർ 1954-73, 78-84), 1935-39ൽ

നാരു മാഷും, ജി. കുഞ്ഞച്ചൻ മാഷ് (1984-89) ഇവരെല്ലാം ആ കാലത്തെ പ്രധാനാധ്യാപകരായിരുന്നു.

2015 ഓഗസ്റ്റ് 4ന് സ്കൂൾ അപ്ഗ്രേഡ് ചെയ്തു. 2011 മുതൽ വെളിമണ്ണ സ്കൂളിൽ പഠിച്ചിരുന്ന ഇരു കൈകളും ഇല്ലാത്ത അംഗപരിമിതനായ അനസിന്റെ തുടർ പഠനത്തിന് വേണ്ടി എൽ.പി സ്കൂൾ ഘട്ടംഘട്ടമായി ഓരോ വർഷം 7 വരെ ക്ലാസുകളുണ്ടായി. പിന്നീട് അക്കാദമിക, ഭൗതിക, സാമൂഹിക നേട്ടങ്ങൾ ഉണ്ടാക്കുന്നതിൽ വിവിധ പ്രധാനാധ്യാപക നേതൃത്വം ഉണ്ടായി എന്നതും സ്കൂളിന്റെ ബൃഹത്തായ ഒരു ചരിത്രം തന്നെയാണ്.

പി.ടി.എയുടെ പ്രവർത്തനത്തിൽ ചരിത്രപരമായ പ്രാധാന്യം നിലനിർത്തിയ സ്കൂളാണ്. അടുത്ത 10 വർഷക്കാലയളവിൽ വലിയ അക്കാദമിക ഭൗതിക മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. ജില്ല, സബ്ജില്ല, PTA അവാർഡുകൾ 5 വർഷങ്ങളിൽ ലഭിക്കാൻ സാധിച്ചു. അടിസ്ഥാന സൗകര്യ വികസനം, ഭൗതിക നേട്ടങ്ങൾ നാട്ടുകാരുടെയും സ്കൂൾ പ്രവാസി കൂട്ടായ്മ, ജനപ്രതിനിധികൾ, ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്ത് സ്ഥാപനങ്ങൾ, ഗവൺമെന്റ് ഫണ്ടുകൾ, MLA, MP ഫണ്ടുകൾ, പൂർവ്വവിദ്യാർത്ഥികൾ എന്നിവരുടെയെല്ലാം സഹായം. ഇങ്ങനെ നേട്ടങ്ങൾ ഓരോന്നിൽ കുതിച്ചുയർന്ന് വളർന്നു കൊണ്ടിരിക്കുന്ന വിദ്യാലയത്തിന്. 20 വർഷം അധ്യാപകനായിരുന്ന UP അബ്ദുൾ ഖാദർ മാഷിന്റെ ഹെഡ്മാസ്റ്റർ പാടവവും ഈ വർഷം മുതൽ മുതൽക്കൂട്ടാണ്

## നിലവിലെ ഭൗതിക സാഹചര്യം

മൂന്നു നില കെട്ടിടത്തിൽ 30 ക്ലാസ് മുറികൾ - ഉണ്ട്. പ്രീപ്രൈമറി സെക്ഷൻ 4 ക്ലാസ് മുറികളും അതുപോലെ മുഴുവൻ കുട്ടികൾക്കും വേണ്ടി എല്ലാ നിലകളിലും കൂടി 25 ടോയ്‌ലറ്റുകളും നല്ല കളിസ്ഥലവും നിലനിൽക്കുന്നു.

## നിലവിലെ അവസ്ഥ വിശകലനം

നിലവിൽ വെളിമുക്ക ജി.എം.യു.പി സ്കൂളിൽ പ്രീ-പ്രൈമറി ക്ലാസുകളും ഒന്നാം ക്ലാസ് മുതൽ 7ാം ക്ലാസു വരെ പ്രവർത്തിക്കുന്നു. ഈ സ്കൂളിലെ നിലവിലെ ഹെഡ് U.P അബ്ദുൽ ഖാദർ മാസ്റ്റർ ആണ് LP വിഭാഗത്തിൽ 14 അധ്യാപകരും UP വിഭാഗത്തിൽ ഹെഡ് മാസ്റ്റർ അടക്കം 16 അധ്യാപകർ ഉണ്ട്. പ്രീ-പ്രൈമറി സെക്ഷനിൽ 4 അധ്യാപികമാരും ഒരു ആയയും നിലവിൽ ഉണ്ട്.

## 2025 - ജൂൺ

| മാസം/തീയതി | പ്രവർത്തനം |
|---|---|
| ജൂൺ-2 | പ്രവേശനോത്സവം |
| ജൂൺ-4 | മെഹന്ദിഫെസ്റ്റ് |
| ജൂൺ-5 | പരിസ്ഥിതിദിനം |
| ജൂൺ 13 | SRG മീറ്റിംഗ് |
| ജൂൺ-19 | വായനാദിനം |
| ജൂൺ-26 | CPTA മീറ്റിംഗ് |
| ജൂൺ 27 | SRG മീറ്റിംഗ് |
| ജൂൺ 27 | പാർലമെന്റ് ഇലക്ഷൻ |
| ജൂൺ 28 | പ്രതിഭാക്ലാസ്, മാർഗദീപം ക്ലാസ് (രക്ഷിതാക്കൾ) |

## 2025 ജൂലൈ

| മാസം/തീയതി | പ്രവർത്തനം |
|---|---|
| ജൂലൈ-4 | SRG മീറ്റിംഗ് |
| ജൂലൈ 5 | ബഷീർ ദിനം |
| ജൂലൈ 10 | സ്റ്റാഫ് മീറ്റിംഗ് |
| ജൂലൈ 11 | SRG മീറ്റിംഗ് |
| ജൂലൈ 15 | PTA ജനറൽ ബോഡിയോഗം |
| ജൂലൈ 18 | SRG മീറ്റിംഗ് |
| ജൂലൈ 21 | ചാന്ദ്രദിനം |
| ജൂലൈ 25 | SRG മീറ്റിംഗ് |

## 2025 ഓഗസ്റ്റ്

| തീയതി/മാസം | പ്രവർത്തനങ്ങൾ |
|---|---|
| ഓഗസ്റ്റ് 1 | SRG മീറ്റിംഗ് |
| ഓഗസ്റ്റ് 7 | Staff മീറ്റിംഗ് |
| ഓഗസ്റ്റ് 8 | SRG മീറ്റിംഗ് |
| ഓഗസ്റ്റ് 15 | സ്വാതന്ത്ര്യ ദിനം |
| ഓഗസ്റ്റ് 17 | കർഷക ദിനം |
| ഓഗസ്റ്റ് 22 | SRG മീറ്റിംഗ് |
| ഓഗസ്റ്റ് 27 | സ്കൂൾ കായിക മേള |
| ഓഗസ്റ്റ് 29 | SRG മീറ്റിംഗ്. |
| ഓഗസ്റ്റ് 30 | പ്രതിഭ ക്ലാസ് & മാർഗദീപം ക്ലാസ് |

## 2025 സെപ്റ്റംബർ.

| തീയതി | പ്രവർത്തനങ്ങൾ |
|---|---|
| സെപ്റ്റംബർ 12 | SRG മീറ്റിംഗ് |
| സെപ്റ്റംബർ 13 | പ്രതിഭ ക്ലാസ്, മാർഗദീപം ക്ലാസ് |
| സെപ്റ്റംബർ 19 | SRG മീറ്റിംഗ് |
| സെപ്റ്റംബർ 20 | പ്രതിഭ, മാർഗദീപം ക്ലാസ്. |
| സെപ്റ്റംബർ 26 | SRG മീറ്റിംഗ്. |
| സെപ്റ്റംബർ 27 | ശില്പശാല- |
| | |
| | |

## 2025 ഒക്ടോബർ

| | |
|---|---|
| ഒക്ടോബർ 2 | ശുചീകരണം |
| ഒക്ടോബർ 3 | SRG മീറ്റിംഗ് |
| ഒക്ടോബർ 4 | പ്രതിഭ, മാർഗദീപം ക്ലാസ് |
| ഒക്ടോബർ 10 | SRG മീറ്റിംഗ് |
| ഒക്ടോബർ 11 | പ്രതിഭ, മാർഗദീപം ക്ലാസ് |
| ഒക്ടോബർ 17 | SRG മീറ്റിംഗ് |
| ഒക്ടോബർ 18 | പ്രതിഭ, മാർഗദീപം ക്ലാസ് |
| ഒക്ടോബർ 24 | SRG മീറ്റിംഗ് |
| ഒക്ടോബർ 25 | ശിൽപ്പശാല |
| ഒക്ടോബർ 31 | SRG മീറ്റിംഗ് |

## 2025 നവംബർ

| | |
|---|---|
| നവംബർ 1 | പ്രതിഭ, മാർഗദീപം. |
| നവംബർ 7 | SRG മീറ്റിംഗ് |
| നവംബർ 8 | പ്രതിഭ, മാർഗദീപം ക്ലാസ് |
| നവംബർ 14 | ശിശുദിനം |
| നവംബർ 21 | SRG മീറ്റിംഗ് |
| നവംബർ 22 | പ്രതിഭ, മാർഗദീപം |
| നവംബർ 28 | SRG മീറ്റിംഗ് |
| നവംബർ 29 | ശിൽപ്പശാല |
| | |
| | |

## 2025 ഡിസംബർ

| തിയ്യതി | പ്രവർത്തനം |
|---|---|
| ഡിസംബർ 5 | SRG മീറ്റിംഗ് |
| ഡിസംബർ 6 | പ്രതിഭ, മാർഗദീപം ക്ലാസ് |
| ഡിസംബർ 12 | SRG മീറ്റിംഗ് |
| ഡിസംബർ 13 | പ്രതിഭ, മാർഗദീപം |
| ഡിസംബർ 19 | SRG മീറ്റിംഗ് |
| ഡിസംബർ 20 | പ്രതിഭ, മാർഗദീപം |
| ഡിസംബർ 25 | ക്രിസ്തുമസ് |
| ഡിസംബർ 26 | SRG മീറ്റിംഗ് |
| ഡിസംബർ 27 | പ്രതിഭ, മാർഗദീപം |
| | |

## 2026 ജനുവരി

| തിയ്യതി | പ്രവർത്തനം |
|---|---|
| ജനുവരി 1 | പുതുവത്സരം |
| ജനുവരി 2 | SRG മീറ്റിംഗ് |
| ജനുവരി 3 | പ്രതിഭ, മാർഗദീപം ക്ലാസ് |
| ജനുവരി 9 | SRG മീറ്റിംഗ് |
| ജനുവരി 10 | പ്രതിഭ, മാർഗദീപം ക്ലാസ് |
| ജനുവരി 16 | SRG മീറ്റിംഗ് |
| ജനുവരി 17 | പ്രതിഭ, മാർഗദീപം ക്ലാസ് |
| ജനുവരി 23 | SRG മീറ്റിംഗ് |
| ജനുവരി 24 | പ്രതിഭ, മാർഗദീപം ക്ലാസ് |
| ജനുവരി 30 | SRG മീറ്റിം |
| ജനുവരി 31 | ശില്പശാല |

## 2026 ഫെബ്രുവരി

| തിയതി | പ്രവർത്തനങ്ങൾ |
|---|---|
| ഫെബ്രുവരി 6 | SRG മീറ്റിംഗ് |
| ഫെബ്രുവരി 7 | പ്രതിഭ, മാർഗദീപം ക്ലാസ് |
| ഫെബ്രുവരി 19 | Staff മീറ്റിംഗ് |
| ഫെബ്രുവരി 20 | SRG മീറ്റിംഗ് |
| ഫെബ്രുവരി 21 | പ്രതിഭ, മാർഗദീപം ക്ലാസ് |
| ഫെബ്രുവരി 27 | SRG മീറ്റിംഗ് |
| ഫെബ്രുവരി 28 | ശിൽപശാല |

## 2026 മാർച്ച്

| തിയതി | പ്രവർത്തനങ്ങൾ |
|---|---|
| മാർച്ച് 6 | SRG മീറ്റിംഗ് |
| മാർച്ച് 7 | CPTA |
| മാർച്ച് 13 | SRG മീറ്റിംഗ് |
| | മൂല്യനിർണയ പരീക്ഷ. |
| മാർച്ച് 27 | SRG മീറ്റിംഗ് |

# പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ

* പ്രതിഭാ പോഷണ പരിപാടി.
* ഹെൽത്ത് കോർണർ
* സ്കൂൾ കായികമേള
* സ്കൂൾ കലാമേള
* സ്കൂൾ പ്രവൃത്തിപരിചയമേള
* സ്കൂൾ ശാസ്ത്രമേള
* വിദ്യാരംഗം കലാമേള
* ഓണാഘോഷം
* ഈദ്
* ക്രിസ്തുമസ്
* കമ്പ്യൂട്ടർ ലാബ് സജ്ജീകരണം
* മാർഗദീപം ക്ലാസ്
* സ്കൂൾ പച്ചക്കറിത്തോട്ടം
* സ്കൂൾ സൗന്ദര്യവൽക്കരണം
* ഫീൽഡ് ട്രിപ്പുകൾ
* ലൈബ്രറി ശാക്തീകരണം
* പാർലമെന്റ് ഇലക്ഷൻ
* വിവിധ ക്ലബ്ബുകളുടെ ശാക്തീകരണം.
* മാലിന്യ സംസ്കരണ പ്ലാന്റ്

നനങ്ങളിലൂടെ നൽകുക.

★ ക്ലാസ്റൂം ലൈബ്രറി ശാക്തീകരണം നടത്തുക. കുട്ടി ലൈബ്രേറിയൻ, പുസ്തക ചർച്ചകൾ തുടങ്ങി ക്രിയാത്മക പ്രവർത്തനങ്ങൾക്ക് ലൈബ്രറിയെ ഉപയോഗപ്പെടുത്തുക.

★ തുടർച്ചയും സമഗ്രവുമായ വിലയിരുത്തൽ നടത്തുകയും കുട്ടികൾ നേടിയ ധാരണകൾ ശേഷികൾ എന്നിവ online/ofline CPTA യുടെ ഭാഗമായി രക്ഷിതാക്കളെ ബോധവൽക്കരിക്കുക.

★

## ലക്ഷ്യങ്ങൾ

- പഠനം രസകരവും കുട്ടികളുടെ നിലവാരത്തിനനുയോജ്യമായതുമായ രീതിയിൽ പഠനപ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുക.
- സമൂഹവുമായി ഇടപെട്ടുകൊണ്ട് പ്രോജക്ടുകൾ, സംവാദങ്ങൾ, ചർച്ചകൾ എന്നിവയിലൂടെ ബോധനപ്രക്രിയ ക്രിയാത്മകമാക്കു
- വിദ്യാലയത്തിന്റെ ഐ.സി.ടി. സാധ്യതകളെ പരിപോഷിപ്പിക്കുക.
- കമ്പ്യൂട്ടർ ലാബുകളുടെ നിർമ്മാണത്തിലൂടെ കുട്ടികൾക്ക് വിവരസാങ്കേതിക വിദ്യയുടെ പ്രവർത്തന പ്രായോഗികജ്ഞാനമുളള ശ്രമം നടത്തുക
- കുട്ടികളിൽ ആരോഗ്യശീലങ്ങൾ, വ്യായാമമുറകൾ എന്നിവ പരിശീലിക്കുന്നതിനനുയോജ്യമായ സംവിധാനങ്ങൾ നടപ്പിലാക്കുക.
- വിദ്യാർത്ഥികൾക്ക് പ്രതിഭാ പോഷിണി പരിപാടികൾ നടത്തുക.
- സർഗശേഷി പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പാഠാനുബന്ധ പ്രവർ-

# പ്രവർത്തന രേഖ

## ലക്ഷ്യം

സ്കൂളിലെ മുഴുവൻ കുട്ടികൾക്കും അക്കാദമിക നേട്ടം കൈവരിക്കുന്നതിനനുയോജ്യമായ ഭാഷാപ്രവർത്തനങ്ങളും മറ്റ് വിവിധങ്ങളായ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും അതുപോലെ അക്കാദമിക - അക്കാദമികേതര പ്രവർത്തനങ്ങളുടെ ആവശ്യകതയും ഉറപ്പാക്കി "അക്കാദമിക മികവിലൂടെ മുന്നേറാം" എന്ന മുദ്രാവാക്യത്തിലൂന്നി കുട്ടിയുടെ സമഗ്രമേഖലയിലും മാറ്റം വരുത്താനുള്ള പ്രവർത്തന പദ്ധതി നടപ്പിലാക്കി കുട്ടിയിലെ ഉത്തരവാദിത്വമുള്ള ശാസ്ത്രാവബോധവും, മൂല്യാധിഷ്ഠിത മനോഭാവവും, സാമൂഹികാവബോധവും, പരിസ്ഥിതിവബോധവും, ജനാധിപത്യബോധവും വളർത്തുന്നതിനുതകുന്ന പദ്ധതിയാണ് മാസ്റ്റർ പ്ലാൻ മുന്നോട്ട് വെക്കുന്നത്.

വെളിമണ്ണ ജി.എം.യു.പി സ്കൂൾ ഈ അക്കാദമിക വർഷം അക്കാദമിക- ഭൗതിക- സാമൂഹിക മേഖലകളിൽ വ്യത്യസ്തതയാർന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ വേണ്ടി തീരുമാനിച്ചിരിക്കുകയാണ്. "അക്കാദമിക മികവിലൂടെ മുന്നോട്ട്" എന്ന വാക്കിനെ അന്വർത്ഥമാക്കും വിധം പ്രവർത്തന സജ്ജമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ

പ്രതിഭാ പോഷണ പരിപാടി (അക്കാദമികം)

ഈ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ ജൂൺ മാസം 3 വാരത്തിൽ പ്രതിഭാപോഷണ പരിപാടിക്ക് തുടക്കം കുറിക്കും, ഇതിന് മുൻപ് ഒരു പരീക്ഷ നടത്തി പ്രതിഭകളെയും, പിന്തുണ ആവശ്യമുള്ള കുട്ടികളെയും ഇതിൽ ആവറേജ് ലെവൽ നിൽക്കുന്ന കുട്ടികൾ എന്നീ വിഭാഗത്തിലുള്ള കുട്ടികൾക്ക്, ~~[illegible]~~ അവരുടെ ഇടയിൽ ഇത്തരത്തിലുള്ള വേർതിരിവില്ലാതെ പ്രതിഭാക്ലാസ്, പിന്തുണാ ക്ലാസ്, ശിൽപശാലകൾ എന്നിവ എല്ലാ ശനിയാഴ്ചയും സംഘടിപ്പിക്കുന്നു. റിസോഴ്സ് അധ്യാപകരെയും നാട്ടിലെ വിദ്യാഭ്യാസ പ്രവർത്തകർ, എന്നിവരുടെയും പങ്കാളിത്തം ഉറപ്പാക്കി സ്കൂൾ അക്കാദമിക മുന്നേറ്റത്തിന് വഴിയൊരുക്കുന്നു

## സ്കൂൾ കായികമേള

സ്കൂളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ച് 4 ഹൗസുകളിലായി കുട്ടികളുടെ മത്സരങ്ങൾ നടത്തുന്നു. ഉത് സബ് ജില്ലാ കായികമേളകളിലും ഉജ്ജ്വലമായി നടത്തുന്നു. വിജയികൾക്ക് മെഡലുകൾ, ട്രോഫി എന്നിവ വിതരണം ചെയ്യുന്നു.

## സ്കൂൾ കലാമേള

കുട്ടികളിലെ സർഗശേഷി വികസിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുന്നു. ഉയർന്ന തലത്തിൽ മേളകളിൽ പങ്കെടുക്കുന്നതിനുള്ള മനോഭാവവും കുട്ടികളിൽ വളർത്താൻ കഴിയുന്നു. സ്റ്റേജ്, സ്റ്റേജിതര മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു

## സ്കൂൾ പ്രവൃത്തി പരിചയമേള

കുട്ടികളിലെ അഭിരുചി വളർത്തുന്നതിന് വസ്തു നിർമ്മാണ പ്രവർത്തനങ്ങൾ പരിശീലനം നൽകുകയും അതുപോലെ രക്ഷിതാക്കളുടെ സഹകരണവും ഉറപ്പാക്കി ഇതിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നു. തുടർന്ന് മേളയുടെ ഭാഗമായി പ്രദർശനം സംഘടിപ്പിക്കുന്നു.

## സ്കൂൾ ശാസ്ത്രമേള

കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നതിനും ശാസ്ത്രാവബോധം വളർത്തുന്നതിന് ക്ലാസ്തലത്തിൽ നിന്നും സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിക്കുന്നു. കുട്ടികളിലെ ശാസ്ത്രജ്ഞൻമാരെ കണ്ടെത്തുക, നൂതന പ്രവർത്തനങ്ങളിൽ പരിശീലനം നൽകുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നു.

## വിദ്യാരംഗം കലാമേള

സ്കൂൾതലത്തിൽ കുട്ടികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തന മേഖലയാണ് വിദ്യാരംഗം സാഹിത്യ വേദി. പാട്ട്, എഴുത്ത്, വര എന്നീ മേഖലകളിൽ കുട്ടികൾക്ക് പ്രാവീണ്യം നൽകുന്നതിന് ശിൽപശാലകൾ സംഘടിപ്പിക്കുന്നു. സ്കൂൾതല സാഹിത്യവേദി ഉദ്ഘാടനം പാട്ടിലൂടെ എന്ന പ്രവർത്തനം എന്നിവ നടത്തുന്നു.

## ഓണാഘോഷം

ഓണാഘോഷം വിവിധ പരിപാടികളോടെ സ്കൂളിൽ നടത്തുന്നു. ഇതിന്റെ ഓണത്തിന്റെ പ്രത്യേകതകൾ കുട്ടികളിൽ ഉത്സവബോധം സൃഷ്ടിക്കുന്ന തരത്തിൽ നടത്തുന്നു.

ഓണസദ്യ, ഓണപ്പാട്ടുകൾ, ഓണക്കളികൾ ഓണച്ചന്തം, തുടങ്ങി എല്ലാ കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി മാനുഷിക-ബോധങ്ങളും മൂല്യങ്ങളും കുട്ടികളിലെത്തിക്കാൻ ഉതകും വിധം ആഘോഷം കൊണ്ടാടുന്നു.

ഈദ്

ആഘോഷങ്ങളുടെ പ്രാധാന്യം, ഇതിലൂടെ കുട്ടികളിൽ എത്തേണ്ട മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.

ക്രിസ്തുമസ്

കുട്ടികൾക്ക് വിവിധ മതങ്ങളിൽ നിലനിൽക്കുന്ന ആഘോഷങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്ന രീതിയിൽ ഇതിന്റെ പ്രാധാന്യം, ഇതിലൂടെ കുട്ടികളിൽ എത്തേണ്ട സാമൂഹിക പാഠങ്ങൾ — അതില ബോധ്യപ്പെടുത്താൻ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

കമ്പ്യൂട്ടർലാബ് സജ്ജീകരണം

സ്കൂളിൽ കമ്പ്യൂട്ടർ ലാബ് നിർമ്മിക്കുക എന്നത് ഈ അദ്ധ്യയന വർഷത്തിന്റെ ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനമാണ്. അതിനു വേണ്ടി ക്ലാസ് റൂം സജ്ജീകരിക്കുകയും അതിൽ കമ്പ്യൂട്ടർ, അതിനുള്ള വയറിംഗ് സംവിധാനങ്ങൾ, പെയിന്റ് അടിക്കുക, എന്നീ കാര്യങ്ങൾ ചെയ്ത് കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുകയും ടൈംടേബിൾ പ്രകാരം ക്ലാസ് നൽകി അവർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

മാർഗദീപം ക്ലാസ്

പ്രതിഭാപോഷിണി പരിപാടിയുടെ ഭാഗമായി കുട്ടികളിൽ പഠനപിന്നോക്ക അവസ്ഥയുള്ള കുട്ടികൾക്ക് ഉചിതമായ മൊഡ്യൂൾ തയ്യാറാക്കി എല്ലാ വെള്ളിയാഴ്ചകളിലും ക്ലാസ് നൽകുന്നു, ഓരോ കുട്ടികൾക്കും സ്വന്തമായി ഒരു നോട്ട് ബുക്ക് നൽകുകയും, അവ ഓരോന്നും സ്കൂളിൽ സൂക്ഷിച്ച് അടുത്ത ആഴ്ച പ്രവർത്തനങ്ങൾ വിലയിരുത്തി തിരുത്തൽ വരുത്തി കുട്ടികളെ മുന്നോട്ട് കൊണ്ടു വരാനുള്ള ഈ ചെറിയ ബെഞ്ചിലെ പരിപാടിയാണ് ശ്രദ്ധേയമായ മാർഗദീപം.

## സ്കൂൾ ജൈവ പച്ചക്കറിത്തോട്ടം

ജൈവ പച്ചക്കറിത്തോട്ടത്തിന്റെ സാധ്യതകളും അതിന്റെ ഗുണങ്ങളും കുട്ടികൾക്ക് പരിശീലിക്കാൻ വേണ്ടിയുള്ള പ്രവർത്തനമാണിത്. സ്കൂളിന്റെ അടുത്ത് 30 സെന്റ് സ്ഥലത്ത് കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ നട്ടുപിടിപ്പിക്കുകയും അതിന്റെ നേതൃത്വപരമായ കാര്യങ്ങൾ കുട്ടികളെ ഏൽപ്പിക്കുകയും ചെയ്യുന്നത് ശ്രദ്ധിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിൽ പഞ്ചായത്ത് തലത്തിൽ അവാർഡ് ലഭിച്ച പ്രവർത്തനം കൂടിയാണ് ഇത്.

## സ്കൂൾ സൗന്ദര്യവൽക്കരണം

ഈ അക്കാദമികവർഷം സമ്പൂർണ്ണമായത്തിൽ തന്നെ ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തനമാണ് സ്കൂൾ സൗന്ദര്യവൽക്കരണം. അതിന്റെ ഭാഗമായി സ്കൂൾ ജൈവ വൈവിധ്യോദ്യാനം പരിസ്ഥിതി ക്ലബ്ബിന്റെ ഭാഗമായി രൂപീകരിക്കുകയും, സൗന്ദര്യവൽക്കരണം ക്രിയാത്മകമായി നടപ്പിൽ വരുത്താനും, സ്കൂളിന്റെ മുൻഭാഗം, ക്ലാസ്സും സൗന്ദര്യവൽക്കരണം എന്നിവ നടത്താൻ ഉദ്ദേശിച്ചിരുന്നത്.

## ഫീൽഡ് ട്രിപ്പുകൾ

പഠനപ്രക്രിയയുടെ ഭാഗമായി വിവിധ തരത്തിലുള്ള ഫീൽഡ് ട്രിപ്പ് നടത്താനും ഫീൽഡ് ട്രിപ്പിന്റെ വിവരണം, ഡോക്യുമെന്റേഷൻ എന്നിവ നടത്താനും ഉദ്ദേശിക്കുന്നത്.

## ലൈബ്രറി ശാക്തീകരണം

സ്കൂൾ ലൈബ്രറി ശാക്തീകരണത്തിന്റെ ഭാഗമായി സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, ക്ലാസ് ലൈബ്രേറിയൻ, ലൈബ്രറി രജിസ്റ്റർ എന്നിവ സൃഷ്ടിക്കുകയും ഇതിന്റെ ഭാഗമായി ക്ലാസ് ലൈബ്രറി സജീവമാക്കുകയും, വായനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യാൻ ഉദ്ദേശിക്കുന്നത് അതുപോലെ അധ്യാപക ലൈബ്രറി ശക്തമാക്കാനുമാണ് ഉദ്ദേശിക്കുന്നത്. രണ്ട് മാസത്തിലൊരിക്കൽ ലൈബ്രറി പ്രവർത്തനങ്ങൾ ലൈബ്രേറിയന്റെ നിയന്ത്രണത്തിൽ വിലയിരുത്തുന്നു.

## പാർലമെന്റ് ഇലക്ഷൻ

ജനാധിപത്യത്തിന്റെ ആദ്യപാഠം കുട്ടികൾക്ക് മനസ്സിലാക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്ക് സ്കൂളിൽ പൊതുതെരഞ്ഞെടുപ്പിന്റെ മാതൃകയിൽ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുന്നു.

സ്കൂൾ ലീഡർ, ഡെപ്യൂട്ടി ലീഡർ, കായികമന്ത്രി, ആരോഗ്യമന്ത്രി, സാംസ്കാരിക വകുപ്പ് മന്ത്രി, വിദ്യാഭ്യാസ മന്ത്രി — എന്നീ സ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് പോളിംഗിലൂടെ എല്ലാ ഘട്ടങ്ങളും ഉൾപ്പെടുത്തി തെരഞ്ഞെടുപ്പ് നടത്താനാണ് ഉദ്ദേശിക്കുന്നത്.

## ക്ലബ്ബുകളുടെ ശാക്തീകരണം

സ്കൂളുകളിൽ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയാണ് ലക്ഷ്യം. എല്ലാ ക്ലബ്ബുകളും അവർ ആവിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ അറിയിക്കുകയും, വിവിധ ക്ലബ്ബുകളുടെ മീറ്റിംഗ് നടത്തുകയും, ഒരു ക്ലബ്ബിലെ കുട്ടികൾക്ക് മറ്റു ക്ലബ്ബിന്റെ പ്രവർത്തനങ്ങളുടെ വിശദാംശം പറഞ്ഞു ബോധ്യപ്പെടുത്തുകയും ഓരോ കുട്ടിയും തന്റെ ക്ലബ്ബ് ഏറ്റെടുത്ത പ്രവർത്തനം എന്താണെന്നും ഏതു രീതിയിൽ ചെയ്യും എന്ന ധാരണയും നൽകുകയും ചെയ്യുന്നു. കുട്ടികൾ ക്ലബ്ബുകളുടെ പ്രവർത്തനത്തിൽ അഭിമാനമുള്ളവരാകുകയും ചെയ്യുകയെന്നാണ് ശാക്തീകരണമെന്ന്

## മെഗാ ക്വിസ്

കുട്ടികളിൽ അറിവിന്റെ ലോകം വിശാലമാവുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് വേണ്ടി സ്കൂളിൽ നടത്തുന്ന തനതുപ്രവർത്തനമാണ് മെഗാക്വിസ്. എല്ലാ വെള്ളിയാഴ്ചകളിലും എട്ടാമത്തെ പിരീഡ് കുട്ടികളിൽ നിന്ന് ക്വിസ് മത്സരം നടത്തി ഓരോ വിജയിയായി കണ്ടെത്തുന്നു. അതുപോലെ മുഴുവൻ കുട്ടികളുടെ മാർക്ക് പ്രത്യേകം സജ്ജമാക്കിയ ലിസ്റ്റിൽ രേഖപ്പെടുത്തുകയും. അതുപോലെ ഫെബ്രുവരി മാസം എല്ലാ ക്ലാസുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയ കുട്ടികളെ തെരഞ്ഞെടുക്കുകയും, കൂടുതൽ കുട്ടികൾ ഉണ്ടെങ്കിൽ അവർക്ക് മുൻകൂട്ടി ചോദ്യങ്ങൾ നൽകുകയും ആനുകാലികം, ഐ.ടി, ശാസ്ത്രം ഗണിതം, എന്നിങ്ങനെ വിവിധ മേഖലകളിൽ നിന്നു മുഴുവൻ ചോദ്യങ്ങൾ നൽകി.

മെഗാക്വിസിലേക്കുള്ള കുട്ടികളുടെ ലിസ്റ്റ്
തയ്യാറാക്കുന്നു. ഇതിന്റെ ഭാഗമായി മെഗാക്വിസ്
ഒരു ഉത്സവമായി തന്നെ സംഘടിപ്പിക്കുകയും
ചെയ്യുന്നു. 12, 3,4, 5,6,7 എന്നിങ്ങനെ
3 സെക്ഷനുകളിലായി മത്സരം സംഘടി
പ്പിക്കുന്നു. അതിനുള്ള സമ്മാനങ്ങൾ
സ്ഥിരമായി ഒന്നാം സമ്മാനം, സൈക്കിൾ
3 എണ്ണം വീതം. 2 സ്ഥാനം സ്റ്റഡി ടേബിൾ
3 എണ്ണം വീതം, 3 സമ്മാനം, സ്കൂൾ
കിറ്റ് എന്നിങ്ങനെ നൽകാനും ഉള്ള പ്രവർ
ത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്.
ഈ വർഷങ്ങളായി നടത്തി വരുന്ന
വ്യത്യസ്തമായൊരു പ്രവർത്തനമാണ്
ഇത്. ക്ലാസധ്യാപകരും അതുപോലെ
ഹിന്ദി അധ്യാപകരുടെ ഇടപെടലുകളും
നടത്തിയാണ് നടത്താൻ ഉദ്ദേശിക്കുന്നത്.

# മാലിന്യ സംസ്കരണ പ്ലാന്റ്

സ്കൂളിലെ ജൈവ-അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുവേണ്ടിയുള്ള വിവിധ പ്രൊജക്ടുകൾ സ്കൂളിൽ നടപ്പിലാക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ഇതിൽ പ്രധാനപ്പെട്ടവയാണ് തുമ്പൂർമുഴി മാലിന്യ സംസ്കരണ പ്ലാന്റ്, ബയോഗ്യാസ്, അതുപോലെ അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വേണ്ടി ഹരിതകർമ്മസേനയുടെ പ്രവർത്തനത്തെയും ആശ്രയിക്കാം എന്നതാണ് ഈ പ്രവർത്തന ലക്ഷ്യം. ക്ലാസ്സുകളിൽ എല്ലാ waiste Basket സ്ഥാപിക്കുക. സ്കൂൾ ഗ്രൗണ്ടിൽ Basket സ്ഥാപിക്കുക; പ്ലാസ്റ്റിക് കുപ്പികൾ വലിച്ചെറിയുന്നത് തടയാൻ കമ്പിവലകൊണ്ടുള്ള waste Bin സ്ഥാപിക്കുക എന്നതും പ്രവർത്തനത്തിന്റെ ഉദ്ദേശ്യമാണ്

കുട്ടികളിൽ മാലിന്യസംസ്കരണബോധം ഉണ്ടാക്കുകയെന്നത് വലിയൊരു ലക്ഷ്യമാണ്. അതുപോലെ മാലിന്യം വലിച്ചെറിയരുതെന്ന ബോധം ഉളവാക്കുന്ന ക്രിയാത്മകനടപടികൾ കുട്ടികളിൽ ഉണ്ടാക്കുകയെന്നതും ഇതിന്റെ പ്രധാന ഉദ്ദേശമാണ്

## സംഗ്രഹം

കുട്ടികളിലെ അക്കാദമിക - അനക്കാദമികമായ പ്രവർത്തനങ്ങളിലൂടെ മൂല്യബോധം വളർത്തി ജനാധിപത്യബോധത്തിലൂന്നി മതനിരപേക്ഷതയെ മുറുകെപിടിച്ച് വളർന്നുവരുന്ന ഒരു തലമുറയെ വളർത്തിയെടുക്കുക എന്നതാണ് ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത്.

"അക്കാദമിക മികവിലൂടെ മുന്നേറാം" എന്ന വാക്യത്തിനനുയോജ്യമായ തരത്തിൽ സാമൂഹിക - ഭൗതിക മേഖലകളെ ഉൾപ്പെടുത്തി ക്രിയാത്മകമായ ഇടപെടലുകൾ നടത്തി. അക്കാദമിക മുന്നേറ്റത്തിന് കാതലായ ഒട്ടനവധി മികവ് മുതൽക്കൂട്ടാക്കി നടപ്പിൽ വരുത്തി ഈ അക്കാദമിക വർഷം 2025-26 കുട്ടികളിലെ സമഗ്രമായ കഴിവുകൾ പരിപോഷിപ്പിച്ച് അത് സമൂഹത്തിന്റെ മുമ്പിൽ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കി മികച്ച സ്കൂൾ മാതൃകാപരമായ പ്രചാരം മറ്റു~~ള്ള~~ സ്കൂളിന് കൂടി ~~[illegible]~~

മുതൽ കൂട്ടാവുന്ന തരത്തിൽ മാറട്ടെയെന്ന
തും അതു പോലെ ഇത്തരം പ്രവർത്തന
ങ്ങൾ സമയബന്ധിതമായി നടത്തി ഇതുമായ
ഇടവേളകളിൽ SRG യിൽ വിലയിരുത്ത-
ലുകൾ നടത്തി മെച്ചപ്പെടുത്തലുകൾ
നടത്തി കുട്ടികൾക്ക് ഇതിന്റെ ഫലം,
നേട്ടങ്ങളും പ്രാപ്യമാവുന്ന തരത്തിൽ
അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നു.

ഈ മാസ്റ്റർ പ്ലാനിന്റെ പ്രവർത്തനവിവ
രണത്തിനപ്പുറം LP, UP, KG ക്ലാസുകളുടെ
ക്ലാസ്-സ്കൂൾതല മാസ്റ്റർ പ്ലാനുകളുടെ വിവ
രങ്ങൾ സ്കൂൾ ഓഫീസിലും സൂക്ഷിച്ചിട്ടുണ്ട്.

G.M.L.P & U.P S VELIMANNA * P.O VELIMANNA - 673 582

ABDUL KHADER U.P
HEADMASTER
GMLP & UP SCHOOL VELIMANNA
PEN: 532526, School Code: 47454